(സി) വടക്കഞ്ചേരി സി.എച്ച്.സി.-യിൽ അനുവദിച്ച കിടക്കകളുടെ എണ്ണം 34 ആണ്. നിലവിലുള്ള ജീവനക്കാരുടെ തസ്തികകൾ അനുബന്ധമായി ചേർക്കുന്നു.* സ.ഉ. (സാധാ) നമ്പർ 1669/2014/ആ.ക.വ. തീയതി, 26-5-2014 പ്രകാരം ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റികൾ ആരംഭിക്കുന്നതിനായി തിരഞ്ഞെടുത്ത 154 ആശുപത്രികളിൽ വടക്കാഞ്ചേരി സി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ജനറൽ മെഡിസിൻ, സർജറി എന്നീ സ്പെഷ്യാലിറ്റികളിൽ ഡോക്ടർമാരുടെ കുറവുള്ളതിനാൽ പ്രസ്തുത 154 ആശുപത്രികളിൽ താലൂക്ക്/താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഒഴികെയുള്ള ആശുപത്രികളിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4/2015/ആ.ക.വ. തീയതി 1-1-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്ക് നിർമ്മാണം

89(2557) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 2015 മാർച്ച് മാസത്തിൽ 21338 നമ്പർ ആയി രജിസ്റ്റർ ചെയ്ത പ്രസ്തുത ഫയലിന്മേൽ തീർപ്പുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച 21338 നമ്പർ ഫയൽ ഇ 2/377/15/ ആരോഗ്യം എന്ന പ്രകാരം ധനവകുപ്പിന്റെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly